സർക്കാർ കേസുകൾ വാദിക്കുന്ന അഭിഭാഷകർ

(135) പ്രൊഫസർ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 നവംബർ 30 വരെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സംസ്ഥാന സർക്കാരിന്റെ കേസ്സ് വാദിക്കുന്നതിനുവേണ്ടി അഡ്വക്കേറ്റ് ജനറലിനെ കൂടാതെ ഏതെല്ലാം അഭിഭാഷകരെ നിയമിച്ചു എന്നും അവർക്ക് ഫീസ്, യാത്രപ്പടി, താമസം തുടങ്ങിയ ഇനങ്ങളിൽ എന്തു തുക ഓരോരുത്തർക്കും നൽകി എന്നതിന്റെയും വിശദമായ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കാമോ;

(ബി) ഈ കാലയളവിൽ ഇതേ ഇനങ്ങളിൽ അഡ്വ. ജനറൽ എന്തു തുക കൈപ്പറ്റി എന്ന് വെളിപ്പെടുത്താമോ;

(സി) അഡ്വക്കേറ്റ് ജനറലും, അഡീഷണൽ അഡ്വ. ജനറലും ഉൾപ്പെടെ നിരവധി സർക്കാർ അഭിഭാഷകരും സുപ്രീംകോടതിയിൽ സ്വന്തമായി സ്റ്റാൻഡിംഗ് കൗൺസിലുമുള്ളപ്പോൾ സർക്കാർ കേസുകൾ വാദിക്കുന്നതിന് മറ്റ് അഭിഭാഷകരെ നിയോഗിക്കുന്നത് എന്തിനാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 നവംബർ 30 വരെ അഡീഷണൽ അഡ്വ. ജനറൽമാർ മറ്റ് സർക്കാർ അഭിഭാഷകർ, സുപ്രീം കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിലുകൾ എന്നിവർ, ശമ്പളം, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിൽ എന്തു തുക കൈപ്പറ്റിയിട്ടുണ്ടെന്ന് പേര് സഹിതം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഹൈക്കോടതിയിലെ ഒ.പി.നം.16192/99 സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായ ശ്രീ. അശോക്. എച്ച്. ദേശായിക്ക് 10,00,000 (പത്തു ലക്ഷം രൂപ) ഫീസ് വകയിൽ അനുവദിച്ചിട്ടുണ്ട്.

സുപ്രീംകോടതിയിൽ ഈ കാലയളവിൽ ഹാജരായിട്ടുള്ള സീനിയർ അഭിഭാഷകർക്ക് നൽകിയിട്ടുള്ള ഫീസിന്റെ വിവരം ശേഖരിച്ചതിനുശേഷം വിശദമായ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കാം.

(ബി) 4.6.1996 മുതൽ 31.10.1999 വരെ ഹൈക്കോടതിയിൽ കേസ്സു നടത്തിയ ഇനത്തിൽ ഫീസായി 7,30,208 രൂപയും സുപ്രീംകോടതിയിൽ കേസ്സു നടത്തിയ ഇനത്തിൽ 52,080 രൂപയും കൈപ്പറ്റിയിട്ടുണ്ട്. ഈ കാലയളവിൽ താമസചെലവിനായി 980 രൂപയും മറ്റ് അലവൻസുകളായി 13,960.25 രൂപയും കൈപ്പറ്റിയിട്ടുണ്ട്.

(സി) സാധാരണഗതിയിൽ മറ്റ് അഭിഭാഷകരെ നിയോഗിക്കാറില്ല. സുപ്രീം കോടതിയിൽ വരുന്ന കേസ്സുകളുടെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്ത്, ക്യാബിനറ്റ് അംഗീകരിച്ച പാനലിൽ നിന്നുള്ള സീനിയർ അഭിഭാഷകരെ ചില സന്ദർഭങ്ങളിൽ നിയോഗിക്കാറുണ്ട്.

(ഡി) അഡീഷണൽ അഡ്വ. ജനറൽ ശ്രീ. ടി.എം. മുഹമ്മദ് യൂസഫ് ഫീസിനത്തിൽ 1996 ആഗസ്റ്റ് മുതൽ 1999 ഒക്ടോബർ വരെ 11,71,873 രൂപ കൈപ്പറ്റിയിട്ടുണ്ട്. വിമാനയാത്രക്കൂലിയായി 2,43,422 രൂപയും, താമസചെലവിനായി 860 രൂപയും ചെലവു വന്നിട്ടുണ്ട്. മറ്റ് അലവൻസുകളായി 30,548 രൂപ

LIBRARY ARCHIVES Kerala Legislative Assembly

കൈപ്പറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച മറ്റു വിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. അറിയിപ്പ്

റവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടി (ബേബി ജോൺ) യെ നിയമസഭയിൽ ഒരു പ്രത്യേക ബ്ലോക്കായി അംഗീകരിച്ചു പ്രവർത്തിക്കാൻ അനുവദിക്കുന്നത് സംബന്ധിച്ചു

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ...ഒരു പ്രധാന അറിയിപ്പ്.

റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയിൽ അടുത്തിടയുണ്ടായ അഭിപ്രായ വ്യത്യാസങ്ങളുടെ പശ്ചാത്തലത്തിൽ രണ്ടു വിഭാഗങ്ങളിൽപ്പെട്ടവരും ചില ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. ശ്രീ. ബാബു ദിവാകരൻ 25-03-99 ൽ നൽകിയ കത്തിൽ ആർ.എസ്.പി. പാർലമെന്ററി പാർട്ടിയിൽനിന്നും ശ്രീ. വി.പി രാമകൃഷ്ണപിള്ളയെ പുറംതള്ളിയിരിക്കുകയാണെന്നും ആർ.എസ്.പി നിയമസഭാ കക്ഷിയിലുള്ള അംഗത്വം നഷ്ടമായ അദ്ദേഹത്തെ നിയമസഭയിൽ ആർ.എസ്.പി. യുടെ ബ്ലോക്കിൽ നിന്നും മാറ്റിയിരുത്തണമെന്നും മറ്റും ആവശ്യപ്പെട്ടിരുന്നു. പ്രൊഫ. എ.വി. താമരാക്ഷനെ ആർ.എസ്.പി. പാർലമെന്ററി പാർട്ടിയിൽനിന്നും നീക്കം ചെയ്തതായും, ശ്രീ. ബാബു ദിവാകരനെ പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തതായും, ശ്രീ. വി.പി രാമകൃഷ്ണപിള്ള അദ്ദേഹത്തിന്റെ 2-4-1999 ലെ കത്തിൽ എന്നെ അറിയിച്ചിരുന്നു .... ബഹളം .... ഈ സഭയിൽ ഇത്തരത്തിൽ ഒരു സംഭവം ആദ്യമായിട്ടാണ് ..... ബഹളം ..... ശ്രീ. ബേബി ജോണിനു പകരം ശ്രീ. വി.പി രാമകൃഷ്ണപിള്ളയെ പാർലമെന്ററി പാർട്ടി നേതാവും, ശ്രീ. ടി. നാണുമാസ്റ്ററെ സെക്രട്ടറിയും വിപ്പുമായി തെരഞ്ഞെടുത്തതായും അതനുസരിച്ചുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നും പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടിരുന്നു.

ഈരണ്ടു കത്തിലേയും ഉള്ളടക്കം സംബന്ധിച്ചു വിശദീകരണം ചെയർ ബന്ധപ്പെട്ടവരിൽനിന്നും തേടുകയും, അതിനുശേഷം എന്നെ നേരിൽക്കണ്ട് അവർ കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. 1999 ജൂലൈ 15-ാം തീയതി ആർ.എസ്.പി സ്റ്റേറ്റ് സെക്രട്ടറി പ്രൊഫ. ചന്ദ്രചൂഡന്റെ ഒരു കത്തും എനിക്ക് ലഭിക്കുകയുണ്ടായി. പാർലമെന്ററി പാർട്ടി ലീഡറായി ശ്രീ. വി.പി രാമകൃഷ്ണപിള്ളയെ തെരഞ്ഞെടുത്ത വിവരവും മറ്റും അറിയിച്ചതിനു പുറമെ, ആർ.എസ്.പി. കേന്ദ്ര കമ്മിറ്റി ശ്രീ. ബേബി ജോൺ, പ്രൊഫ. എ.വി. താമരാക്ഷൻ, ശ്രീ. ബാബു ദിവാകരൻ എന്നിവരെ ആർ.എസ്.പി യുടെ കേന്ദ്ര കമ്മിറ്റിയിൽ നിന്നും പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽ നിന്നും പുറത്താക്കിയ വിവരവും പ്രസ്തുത കത്തിൽ അറിയിച്ചിരുന്നു. ശ്രീ. ബേബി ജോൺ 7-12-1999 ൽ നൽകിയ കത്തിൽ ആർ.എസ്.പി. യിലെ ബഹുഭൂരിപക്ഷം അംഗങ്ങളും, പാർലമെന്ററി പാർട്ടിയിലെ അഞ്ച് അംഗങ്ങളിൽ മൂന്നു പേരും നവംബർ 11-ാം തീയതി യോഗം ചേർന്ന് ആർ.എസ്.പി. (ബേബി ജോൺ) എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകു

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly